# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T3981 16/05/2017-ൽ മറുപടിയ്ക്ക്
## ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | സമഗ്ര കേരള വികസനത്തിന് വേണ്ടി അഞ്ചുവർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ പൂർത്തിയാക്കുവാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് 08/11/16 -ലെ സ.ഉ.(കൈ) നം. 160/16/തസ്വഭ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിക്രമങ്ങൾ പാലിച്ച് തുടർ ഉത്തരവുകൾക്കായി പാർപ്പിട മിഷൻ സഹ അദ്ധ്യക്ഷനായി തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയും ധനകാര്യം, ഭവനനിർമ്മാണം, സാമൂഹിക നീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടിക ജാതി - പട്ടിക വർഗ്ഗ വികസനം, മത്സ്യ ബന്ധനം എന്നീ വകുപ്പ് മന്ത്രിമാർ ഉപ അദ്ധ്യക്ഷന്മാരുമായി മന്ത്രിതല സമിതി രൂപീകരിച്ച് 31/12/16 -ലെ സ.ഉ.(സാധാ) നം. 3569/16/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ജില്ലതിരിച്ചുള്ള വിശദവിവരം നൽകുമോ; ഓരോ ജില്ലയിലും ആദ്യഘട്ടത്തിൽ നൽകുന്ന വീടുകളുടെ എണ്ണം സഹിതമുള്ള വിവരങ്ങൾ നൽകുമോ; | (ബി) | ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പൂർത്തിയായിട്ടുണ്ട്. എന്നാൽ സർവ്വേയുടെ വെരിഫിക്കേഷൻ നടന്നു വരുന്നു. വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാവുകയുള്ളൂ. |
| (സി) | പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടം എന്നു തുടങ്ങി എന്ന് പൂർത്തീ | (സി) | ഭൂരഹിത ഭവനരഹിതർക്കായി ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ഈ മാസം അവസാനത്തോടെ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | കരിയ്ക്കുവാനാണ് ഉദ്ദേശിയ്ക്കുന്നത്; | | 2022 -ൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായാണ് ലൈഫ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. |
| (ഡി) | ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ മാനദണ്ഡം എന്താണ്; | (ഡി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം താഴെപറയുന്ന നിബന്ധനകൾ പാലിക്കുന്ന വരായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ<br>• ഭൂമിയുള്ള ഭവനരഹിതർ<br>• ഭൂരഹിത ഭവനരഹിതർ<br>• ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ<br>ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ താഴെപറയുന്നവർക്ക് മുൻഗണന നൽകുന്നതാണ്.<br>• മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>• അഗതികൾ<br>• അംഗവൈകല്യമുള്ളവർ<br>• ഭിന്നലിംഗക്കാർ<br>• ഗുരുതര/മാരക രോഗമുള്ളവർ<br>• അവിവാഹിതരായ അമ്മമാർ<br>• രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>• വിധവകൾ<br>• എച്ച്.ഐ.വി $+^{ve}$ ആയിട്ടുള്ളവർ |
| (ഇ) | ഭൂമി ഉള്ളവരും ഇല്ലാത്തവരും എന്ന കണക്കിൽ ജില്ല തിരിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ഇ) | LIFE പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരുന്നു. വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദ വിവരം ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ